25 years

ORTHODOX SYRIAN CHURCH
KANDANAD EAST DIOCESE

Kandanad
Diocesan
# BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

**Vol. 4 No. 3-4, 15 March-April 2016**

എഡിറ്റോറിയൽ

## സെബെദി പുത്രന്മാരുടെ അമ്മ – ഒരു പഠനം

**സ്വ**ന്തം മക്കളെ ഉന്നതവും സുരക്ഷിതവുമായ സ്ഥാനങ്ങളിൽ എത്തിക്കുക എല്ലാ മാതാപിതാക്കളുടെയും ആഗ്രവും താത്പര്യവുമാണ്. എന്നാൽ അതിനുള്ള ശ്രമത്തിൽ മിക്കവരിലും ഔചിത്യം ആഗ്രഹത്തിന് വഴിമാറുന്നതായിട്ടാണ് കണ്ടു വരുന്നത്. പലരും അന്തസ്സ് പണയപ്പെടുത്തുകയും ചെയ്യും. ഇത് സമീപകാലത്തു കണ്ടു തുടങ്ങിയ ഒരു പ്രവണതയല്ല. ക്രിസ്തുവിന്റെ അടുക്കൽ തന്റെ രണ്ട് ശിഷ്യന്മാരുടെ മാതാവ് അവർക്കു വേണ്ടി ശുപാർശ ചെയ്യുന്ന കാര്യം സുവിശേഷകനായ മത്തായി രേഖപ്പെടുത്തിയിട്ടുണ്ട്. (വി. മത്തായി 20:20–21) ഈ സംഭവവും ക്രിസ്തുവിന്റെ തുടർന്നുണ്ടായ പ്രതികരണവും സംബന്ധിച്ച ഒരു പഠനം ഈ തെരഞ്ഞെടുപ്പു കാലയളവിൽ പ്രത്യേകം പ്രസക്തമാണെന്നു കരുതുന്നു.

സെബെദിയുടെ മക്കളായ യാക്കോബിനും യോഹന്നാനും വേണ്ടി അവരുടെ അമ്മയാണ് യേശുവിന്റെ മുമ്പിൽ ഈ ശുപാർശ സമർപ്പിക്കുന്നത്. യേശുവിന്റെ രാജ്യം സ്ഥാപിതമാകുമ്പോൾ അവരിൽ ഒരുവൻ യേശുവിന്റെ വലത്തും മറ്റവൻ ഇടത്തും ഇരിപ്പാൻ അനുവദിക്കണമെന്നായിരുന്നു ആ അമ്മയുടെ അപേക്ഷ. രാജ്യഭരണം അവരുടെ പരിപൂർണ്ണ നിയന്ത്രണത്തിലായിരിക്കണമെന്നു സാരം. സ്വന്തം മക്കളുടെ കഴിവും, വാസനയും ചായ്‌വും കണക്കാക്കാതെയും കണക്കിലെടുക്കാതെയും ഏതു തസ്തികയിലേക്കുമുള്ള ഇത്തരം ശുപാർശകൾ തികച്ചും അപലപനീയമാണ്.

ഈ അമ്മയുടെ പ്രതിനിധികൾ നമ്മുടെ രാജ്യത്ത് എല്ലാ മേഖലകളിലും തലങ്ങളിലും സജീവരാണ്. അധികാരസ്ഥാനങ്ങൾ ഒന്നും തന്നെ വച്ചൊഴിയാൻ ആരും തയ്യാറല്ല. മരണം വരെ ഭരിക്കണമെന്നും മരണശേഷം മക്കൾ ഭരണം തുടരണമെന്നുമാണ് ഭരണക്കാരുടെയെല്ലാം ആഗ്രഹം. കേന്ദ്രത്തിൽ കുടുംബവാഴ്ച ഏതാണ്ടൊരു വിട്ടൊഴിയാത്ത കീഴ്‌വഴക്കം തന്നെയാക്കാനാണ് ശ്രമം. സ്വാതന്ത്ര്യാനന്തര ഭരണത്തിന്റെ മുക്കാൽ ഭാഗവും ഒരു കുടുംബത്തിന്റെ നിയന്ത്രണത്തിലായിരുന്നു. ചുരുക്കമായി കൈവിട്ടുപോകുന്ന അധികാരം തിരികെ പിടിക്കാനും പിടിപ്പിക്കാനുമാണ് വ്യഗ്രത. പല സംസ്ഥാനങ്ങളിലെയും സ്ഥിതി വ്യത്യസ്തമല്ല. അഴിമതിക്കേസിൽ ഭരണം ഒഴിയേണ്ടി വന്ന ഒരു മുഖ്യമന്ത്രി വീട്ടിലിരുന്ന ഭാര്യയെ തത്സ്ഥാനമേൽപിച്ച് ജനാധിപത്യത്തെ അവഹേളിച്ച സംഭവം വരെ ഇവിടെ നടന്നിട്ടുണ്ട്. മക്കളെ രാഷ്ട്രീയത്തിൽ പിച്ചനടത്തി, ക്രമേണ അഭ്യാസികളാക്കി ഭരണത്തിൽ കയറ്റാൻ പണിപ്പെടാത്തവർ ഇൻഡ്യൻ രാഷ്ട്രീയത്തിൽ അപൂർവ്വമാണ്. വല്ല അവിവാഹിതരും അനപത്യരും മാത്രമായിരിക്കും ഇതിനൊരപവാദം. മന്ത്രി സന്താനങ്ങളെ രാഷ്ട്രീയത്തിൽ പൊക്കിക്കൊണ്ടുവരാൻ മാധ്യമങ്ങൾ നടത്തുന്ന ഉദ്യമങ്ങളും ലജ്ജാകരമായി തോന്നാറുണ്ട്.

എന്നാൽ അച്ഛനമ്മമാരുടെ ഔന്നിത്യം മക്കളുടെ വളർച്ചയ്ക്കും സ്ഥാനലബ്ധിക്കും തടസ്സമാകുന്നതും അനീതിയാണ്. ഒരു പ്രധാനമന്ത്രിയുടേയോ മുഖ്യമന്ത്രിയുടേയോ മകൻ പ്രധനമന്ത്രിയോ മുഖ്യമന്ത്രിയോ ആയിക്കൂടെന്നില്ല. അവസര സമത്വം അവർക്കും ലഭിച്ചേ തീരു. പക്ഷേ മാതാപിതാക്കളുടെ അധികാര സ്വാധീനങ്ങൾ മക്കളുടെ കൃത്രിമ വളർച്ചയ്ക്കും അധികാര പ്രാപ്തിക്കും കാരണമായിക്കൂടാ.

എന്താണ് മക്കൾരാഷ്ട്രീയം വ്യാപകവും ശക്തവുമാകാൻ കാരണം? ഉന്നതരുടെ സ്വാർത്ഥതയും

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**സെബെദി പുത്രന്മാരുടെ അമ്മ-ഒരു പഠനം ...** 1

**ഉയിർപ്പു നൽകുന്ന പ്രത്യാശ......................** 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**മാതാപിതാക്കളേ, ഗുരുജനങ്ങളേ,നേതാക്കന്മാരേ....**
**യുവജനങ്ങൾ നിങ്ങളുടേതാണ് ..................................** 6
ഫാ. ഡോ. അഗസ്റ്റിൻ മാത്യു

**അനുഭവങ്ങൾ,വീക്ഷണങ്ങൾ,**
**വിശദീകരണങ്ങൾ .......................................** 7
ഫാ. എബ്രാഹാം കാരാമ്മേൽ

EMERGING INTERFACES OF NEUROSCIENCE, PSYCHOLOGY AND THEOLOGY................................11
Dr. Varghese P. Punnoose

**വാർത്തകൾ, അറിയിപ്പുകൾ ..................** 16


ഗർവ്വുമാണ് മുഖ്യകാരണങ്ങൾ. തങ്ങളുടെ മക്കൾക്കെന്ന പോലെ മറ്റുള്ളവർക്കും ഭരണതലത്തിലെത്താൻ അവകാശമുണ്ടന്നു കരുതിയാൽ പ്രശ്നം തീരും. സത്യസന്ധതയും, നീതിബോധവും കഴിവുമുള്ളവർ ഭരണ-അധികാരസ്ഥാനങ്ങളിലെത്തട്ടെ എന്നു ചിന്തിക്കാനുള്ള ആർജ്ജവം എല്ലാവർക്കുമുണ്ടാകണം. തങ്ങളുടെ സന്തതിപരമ്പരകൾ ഭരിച്ചാലേ നാടു നന്നാകൂ എന്നചിന്ത മാറണം. തങ്ങളെപ്പോലെയോ അതിലുപരിയോ, ഉന്നതസ്ഥാനങ്ങളിലെത്തേണ്ടവരാണ് തങ്ങളുടെ സന്തതികൾ എന്ന ചിന്ത മക്കൾരാഷ്ട്രീയത്തിന് വളമാണ്.

സെബെദിമാരുടെ ആവശ്യത്തോട് യേശുവിന്റെ പ്രതികരണമാണ് പ്രധാനം. "നിങ്ങൾ ചോദിക്കുന്നത് എന്തെന്ന് നിങ്ങൾ അറിയുന്നില്ല" എന്നാണ് ഇതു സംബന്ധിച്ച് യേശുവിന്റെ ആദ്യ പ്രതികരണം. അതായത് അവരുടെ ആവശ്യത്തിന്റെ വൈപുല്യവും അനന്തരഫലങ്ങളും അതിൽ തീരുമാനമെടുക്കുന്ന ഘടകങ്ങളുമെല്ലാം വേണ്ടപോലെ മനസ്സിലാക്കിക്കൊണ്ടല്ല അവർ തങ്ങളുടെ ആവശ്യം ഉന്നയിക്കുന്നതെന്ന് യേശു സൂചിപ്പിക്കുന്നു. സെബെദിമാരുടെ ആഭ്യർത്ഥനയിൽ യേശുവിന്റെ മറ്റു ശിഷ്യൻമാർക്ക് നീരസമാണ് തോന്നിയത്. പ്രത്യേക യോഗ്യതകളൊന്നും എടുത്തുപറയാതെ നേതൃസ്ഥാനം ആവശ്യപ്പെട്ടാൽ മറ്റുള്ളവർക്ക് അനിഷ്ടം തോന്നുക സ്വാഭാവികമാണ്. ഈ ഘട്ടത്തിലാണ് യേശു തന്റെ രാജ്യത്തിൽ നേതൃത്വ പ്രാപ്തിക്കുള്ള മാർഗ്ഗം വെളിപ്പെടുത്തുന്നത്. "നിങ്ങളിൽ നേതാവാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകൻ ആകണം. നിങ്ങളിൽ ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനാകണം." അതായത് എളിമയോടെയുള്ള പരസേവനത്തിലൂടെ മാത്രമാണ് ദൈവരാജ്യത്തിൽ നേതൃസ്ഥാനത്ത് എത്താൻ സാധിക്കുക. തുടർന്നാണ് യേശു തന്റെ ആഗമനോദ്ദേശ്യം വെളിപ്പെടുത്തുന്നത്. "മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിപ്പിപ്പാനല്ല; ശുശ്രൂഷിക്കുവാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമാണ്." ദൈവരാജ്യത്തിലെ ഓരോ അംഗവും ഈ ജീവിത പ്രമാണമാണ് അനുവർത്തിക്കേണ്ടതെന്നാണ് യേശു വ്യക്തമാക്കുന്നത്. ജീവനെ കൊടുക്കുന്നതിന് വധിക്കപ്പെടണമെന്നില്ല.കഴിവുള്ളിടത്തോളം മറ്റുള്ളവർക്ക് ഉപകാരം ചെയ്തു ജീവിക്കുന്ന ശൈലിയാണ് യേശു വിവക്ഷിക്കുന്നത്.

സെബെദി പത്നിയുടെ അപേക്ഷയോട് വായനക്കാരായ നിങ്ങളുടെ മനോഭാവമെന്താണ്? മറ്റു ക്രിസ്തു ശിഷ്യന്മാർക്ക് തോന്നിയതുപോലെ നിങ്ങൾക്കും നീരസം തോന്നുവാനാണ് സാധ്യത, അല്ലേ? എന്നാൽ ഈ നിവേദനത്തോട് ക്രിസ്തുവിന്റെ പ്രതികരണം നാം സസൂക്ഷ്മം പഠിക്കേണ്ടതുണ്ട്. അതിനെ അറിവില്ലായ്മ എന്ന് യേശു വിശേഷിപ്പിച്ചെങ്കിലും അർഹമായ പരിഗണന നൽകി വിശദീകരിച്ചു. ഈ വിശദീകരണത്തിലൂടെയാണ് ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ യേശു ലോകത്തിന് വെളിപ്പെടുത്തുന്നത്. ദൈവരാജ്യത്തിൽ ഭരണമോ, അധികാരപ്രയോഗമോ, അസമത്വമോ ഇല്ല. സേവനമാണ് ലക്ഷ്യം. സേവിക്കപ്പെടലല്ല, സ്വന്തം ജീവൻ അപരനെ

*(ശേഷം 5-ാം പേജിൽ)*

മെത്രാപ്പോലീത്തായുടെ കത്ത്

# ഉയിർപ്പു നൽകുന്ന പ്രത്യാശ

കർത്താവിന്റെ ഉയിർപ്പു നൽകുന്ന സന്തോഷം പങ്കുവയ്ക്കുന്ന നാളുകളിലൂടെ കടന്നുപോവുകയാണല്ലോ നാം. ക്രിസ്തു പരിത്യക്തനായി, അപമാനിതനായി, മർദ്ദിക്കപ്പെട്ട് കുരിശിൽ തൂക്കിക്കൊല്ലപ്പെടുകയായിരുന്നു. കല്ലറയിൽ അടക്കം ചെയ്യപ്പെട്ട ആ മൃതശരീരത്തിന് യാതൊരു കാരണവശാലും പുനർജീവന സാധ്യത ആരും കണക്കു കൂട്ടിയില്ല. ജീവൻ നഷ്ടപ്പെട്ട ക്രിസ്തുശരീരം ജീവൻ പ്രാപിച്ചപ്പോൾ തന്റെ ശിഷ്യസമൂഹത്തിന് ഉണ്ടായത് അതുല്യമായ സന്തോഷം മാത്രമല്ല അക്ഷയമായ പ്രത്യാശയുമാണ്. ജീവിതത്തിൽ തളർച്ചയുടെയും നിരാശയുടെയും മധ്യത്തിൽ വ്യക്തിക്കും സമൂഹത്തിനും നൽകുന്ന തകർക്കപ്പെടാനാവാത്ത ശുഭാപ്തി വിശ്വാസത്തിന്റെ അടയാളവും സൂചനയുമാണ് യേശുവിന്റെ ഉയിർപ്പ്.

തങ്ങളുടെ ഗുരുവിന്റെ ശരീരം കാണാൻ കല്ലറയ്ക്കൽ എത്തിയവരോട് ഉയിർത്തെഴുന്നേറ്റ് പോയവനെ മരിച്ചവരുടെ ഇടയിൽ തെരയുന്നതിന്റെ വ്യർത്ഥത മാത്രമല്ല ഉയിർപ്പു നൽകിയിരിക്കുന്ന സാധ്യത കൂടിയാണ് ദൈവദൂതന്മാർ അറിയിക്കുന്നത്. "നിങ്ങൾ എന്തിന് ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നു? അവനെ കിടത്തിയിരുന്ന സ്ഥലം വന്നു കാണുക." അവർ നിർദ്ദേശിച്ചു. (വി.മർക്കോസ് 16:6). കല്ലറയിൽ ക്രിസ്തുവിന്റെ അസാന്നിദ്ധ്യം വിളിച്ചോതുന്ന ശൂന്യത മാത്രമായിരുന്നു ഉള്ളത്. ജീവനുള്ള ക്രിസ്തുവിനെ ശരിയായ സ്ഥാനത്ത് അന്വേഷിക്കുക എന്നതാണ് ദൈവദൂതന്മാരുടെ ആഹ്വാനം. അതായത് അന്യായമായി കൊലചെയ്യപ്പെട്ട യേശുവിന് ജീവൻ തിരികെ കിട്ടി എന്ന ആശ്വാസത്തിനുപരി ഉയിർപ്പു നൽകുന്ന സാധ്യതകളിലും സൂചനകളിലുമത്രേ സന്തോഷിക്കേണ്ടത് എന്നാണ് ആ ആഹ്വാനത്തിന്റെ പൊരുൾ.

അടിച്ചമർത്തലും അക്രമങ്ങളും വഴി നിഷ്ക്രിയമാക്കപ്പെട്ട സത്യത്തിന്റ അതിജീവനമാണ് ക്രിസ്തുവിന്റെ ഉയിർപ്പിൽ പ്രകടമാകുന്നത്. അനീതി നിറഞ്ഞ ഭരണ സംവിധാനത്തിന്റെയും, അന്ധവും മനുഷ്യത്വ രഹിതവുമായ മതഘടനയുടെയും, ചേതനയറ്റ സമൂഹമനഃസാക്ഷിയുടേയും ഒത്തു ചേരലായിരുന്നു ക്രിസ്തുവിന്റെ ഭയാനകമായ ക്രൂശീകരണത്തിന് പശ്ചാത്തലമൊരുക്കിയത്. അത് സകലഅടിസ്ഥാന നീതി സങ്കല്പങ്ങളുടെയും സംഹാരശ്രമമായിരുന്നു.എന്നാൽ ക്രിസ്തു ലോകത്തിനു നൽകിയ വെളിച്ചം, വിമോചനം, സത്യസാക്ഷ്യം എന്നിവയ്ക്ക് വധംകൊണ്ട് അന്ത്യംകുറിക്കാമെന്ന കണക്കുകൂട്ടലുകളാണ് ഇവിടെ തകർന്ന് തരിപ്പണമായത്. ബലപ്രയോഗത്തിലൂടെ സത്യത്തെ അമർച്ച ചെയ്യാമെന്ന വ്യാമോഹമാണ് ഇവിടെ അമർന്നടിഞ്ഞത്. ക്രിസ്തുവിനെ മരണത്തിലെത്തിച്ച അന്ധകാരശക്തികളുടെ മുമ്പിൽ ഉയരുന്ന ശക്തമായ വെല്ലുവിളിയായി ഉയിർപ്പിനെ ദർശിക്കേണ്ടതുണ്ട്. മരിച്ച ഒരുവന്റെ വെറുമൊരു പുനരുത്ഥാനമായി മാത്രം ഇതിനെ കാണുവാനാകില്ല. ക്രൈസ്തവ രക്ഷാസിദ്ധാന്തത്തിന്റെ അടിസ്ഥാനമാക്കാവുന്ന വസ്തുത മാത്രമായി ഈ സംഭവത്തെ പരിമിതപ്പെടുത്താനുമാവില്ല.

തന്റെ വിശ്വാസത്തിന്റെയും സുവിശേഷ പ്രഘോഷണത്തിന്റെയും ആധാരമായിട്ടാണ് വി. പൗലോസ് ക്രിസ്തുവിന്റെ ഉയിർപ്പിനെ കാണുന്നത് (1 കോറി. 15:14) ക്രിസ്തു എന്ന വ്യക്തിയുടെ ഭൗതിക ശരീരം മരണശേഷം ക്രിസ്തുശിഷ്യന്മാർക്കും സ്നേഹിതർക്കും ഒടുവിൽ തനിക്കും നൽകിയ ദർശനമായിരുന്നില്ല പൗലോസിനെസംബന്ധിച്ചിടത്തോളം ഉയിർപ്പ്. നേരെമറിച്ച് തന്റെ ജീവിതത്തിന് അർത്ഥവും അടിസ്ഥാനവും ആകുന്ന പ്രതിഭാസമാണ്. "ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ ഞങ്ങളുടെ വചന പ്രഘോഷണം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വെറുതെയാണ്" എന്നു പൗലോസ് പറയുന്നത് രണ്ടു കാരണങ്ങളാലാണ്. ഒന്നാമതായി ക്രിസ്തു തന്റെ ശുശ്രൂഷയുടെ ആധികാരികതയ്ക്ക് അടിസ്ഥാനമായി പറയുന്നത് തന്റെ ഉയിർപ്പാണ്. യേശുവിന്റെ ഉയിർപ്പ് അവന് അവകാശപ്പെട്ടതിന്റെ സാധൂകരണമാണ്. രണ്ടാമതായി ദമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് പൗലോസിനുണ്ടായ ക്രിസ്തു ദർശനം തന്റെ ജീവിതത്തെ വഴി തിരിച്ച ജീവിതാനുഭവമായിരുന്നു. അതുകൊണ്ട് ക്രിസ്തു സംഭവത്തിന് ആധികാരികതയും പൗലോസിന്റെ വിശ്വാസത്തിന് വിശ്വാസ്യതയും നൽകുന്നത് ക്രിസ്തുവിന്റെ ഉയിർപ്പാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവും പൗലോസുമായുണ്ടായ മുഖാമുഖം പൗലോസിന്റെ ജീവിതത്തെ മാറ്റിമറിച്ച് പരുവപ്പെടുത്തിയെങ്കിൽ മനുഷ്യജീവിതത്തെ അർത്ഥവത്താക്കുന്ന ഉയിർപ്പിന്റെ പ്രാധാന്യം പൗലോസ് തന്റെ വിശ്വാസജീവിതത്തിൽ തിരിച്ചറിയുന്നു.

യേശു നൽകിയ ജീവിത സങ്കല്പം അടിച്ചമർത്തലുകളുടെയും പോരാട്ടങ്ങളുടെയും നടുവിലും നിലനിൽക്കും എന്നതിന്റെ സൂചനയാണ് ക്രിസ്തു ശരീരത്തിന്റെ ഉയിർപ്പ്. യേശുവിന്റെ പുന:രുത്ഥാനം ശരീരത്തിന്റെ പുനർജീവനം മാത്രമല്ല; ക്രിസ്തു വിഭാവനം ചെയ്ത-പ്രഘോ

ഷിച്ച- ദൈവരാജ്യത്തിന്റെ ആധികാരിതകയും അതിജീവനശേഷിയും കൂടിയാണ്. ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിൽ ചിത്രണം ചെയ്യപ്പെട്ട ആശയലോകത്തിന്റെ സാക്ഷാത്കാരം ഉയിർപ്പിൽ ദർശിക്കേണ്ടതുണ്ട്. അതുതന്നെയായിരുന്നു യേശുവിന്റെ ഉയിർപ്പ് യഹൂദ മതനേതൃത്വത്തിന് നൽകി വെല്ലുവിളിയുടെ അടിസ്ഥാനവും. ഓരോ കാലത്തും മതയാഥാസ്ഥിതികതയുടെയും രാഷ്ട്രീയ അഴിമതികളുടെയും മധ്യത്തിൽ സത്യത്തിന്റെയും നീതിയുടെ ഉയിർപ്പ് സമൂഹത്തിനു നൽകുന്ന പ്രത്യാശയും മത-രാഷ്ട്രീയ ഘടനകൾക്ക് നൽകുന്ന അന്ത്യശാസനവും വെല്ലുവിളിയും നിസ്സാരമായി കാണാനാവില്ല. സത്യത്തിന്റെ സാന്നിദ്ധ്യവും നീതിയുടെ ഉയിർത്തെഴുന്നേല്പ് സൃഷ്ടിക്കുന്ന അസ്വസ്ഥതയും ജീർണ്ണതയും അഴിമതിയും നിറഞ്ഞ മത-രാഷ്ട്രീയ സംവിധാനങ്ങൾക്ക് താങ്ങാനാവില്ല. അവയ്ക്കെല്ലാം ഇഷ്ടം ജീവൻ വെടിഞ്ഞ ക്രിസ്തുശരീരത്തിൽ സുഗന്ധം പൂശുന്നതാണ്. ഡോസ്റ്റോ വിസ്കിയുടെ The Great Inquisitor എന്ന കഥാപാത്രത്തിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാന്നിദ്ധ്യം സഭാനേതാവിനെ അസ്വസ്ഥനാക്കുന്നതിന് കാരണം അതുതന്നെയാണ്. അതുകൊണ്ട് അന്യായവും ക്രൂരവുമായി വധിക്കപ്പെട്ട ക്രിസ്തുവിന്റെ ഉയിർപ്പ് പ്രാധാന്യം നേടുന്നത് ക്രിസ്തു ശരീരം പുനർജീവിച്ചതിന്റെ സന്തോഷത്തെ പ്രതിമാത്രമല്ല; ജീർണ്ണതക്കെതിരെയുള്ള അതിന്റെ പ്രതിരോധശേഷിയേയും അന്ധകാരഘടനകൾക്കെതിരെ അതുയർത്തുന്ന വെല്ലുവിളികളെയും പ്രതി കൂടിയാണ്. സത്യത്തെ ചതിയിലൂടെയും അധികാര ഘടനകൾ സൃഷ്ടിക്കുന്ന അടിച്ചമർത്തലിലൂടെയും നിർമ്മാർജ്ജനം ചെയ്യാനാവില്ല. അത് വീണ്ടും ജീവൻ പ്രാപിച്ച് ജീർണ്ണിച്ച വ്യവസ്ഥിതികൾക്ക് ഭീഷണിയാകും എന്നാണ് ഉയിർപ്പു ചെയ്യുന്ന പ്രഖ്യാപനം. കൊല ഒരുക്കിയ സാഹചര്യം ഉയിർപ്പിലൂടെ പ്രതിസ്ഥാനത്തായി വിചാരണയ്ക്ക് വിധേയമാകുന്നതാണ്. മതത്തിന്റെ യാഥാസ്ഥിതികതയും, സ്വാർത്ഥതയും വിമോചന രാഹിത്യവും കൊണ്ട് അതിൽ സൃഷ്ടിക്കപ്പെടുന്ന ഏതൊരു പരിവർത്തനത്തോടുമുള്ള മതഘടനയുടെ എതിർപ്പാണ് ക്രിസ്തുഹത്യയുടെ പിന്നാമ്പുറം. നീതിയുടെ രാജാവ് പിറന്നു എന്ന വാർത്തകേട്ടയുടനെ ഹേറോദാവ് രാജ്യത്ത് രണ്ടു വയസ്സിൽ താഴെയുള്ള എല്ലാ ആൺ കുഞ്ഞുങ്ങളേയും കൊന്നുകളയാൻ ഉത്തരവിറക്കിയതിന്റെ പശ്ചാത്തലവും നീതിയോടുള്ള രാഷ്ട്രീയ അധികാരവർഗ്ഗത്തിന്റെ സമീപനമാണ് സൂചിപ്പിക്കുന്നത്. അധികാരം മാത്രം ലക്ഷ്യമിടുന്ന ഭരണകൂടവും സംഘടിതമതവും, ഒറ്റയ്ക്കും കൂട്ടുചേർന്നും സത്യത്തെയും നീതിയേയും അമർച്ച ചെയ്യുക വർത്തമാന കാല അനുഭവം കൂടി ആയതിനാൽ ഇവയ്ക്കെതിരെ പോരാടിയ ക്രിസ്തുവിന്റെ ഉയിർപ്പിന് ഇന്നും സാംഗത്യം ഉണ്ട്. കൊട്ടാരാന്തര ഗൂഢാലോചനയിലൂടെ ശിരച്ഛേദം ചെയ്യപ്പെട്ട സ്നാപക യോഹന്നാൻ ഉയിർത്തില്ല. എങ്കിലും അദ്ദേഹത്തിന്റെ വധം ഉയർത്തിയ വെല്ലുവിളികൾ സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നു. അതുകൊണ്ടാണ് പ്രകോപനം സൃഷ്ടിച്ച നിരപരാധികൾ കൊല്ലപ്പെട്ടു എന്ന വസ്തുത പിൽക്കാലങ്ങളിൽ ശരിക്കും നീതിക്കും വേണ്ടി പോരാടാൻ അനേകരെ പ്രചോദിപ്പിക്കുന്നത്. ഇത് നീതിയുടെ ഉയിർപ്പിന്റെയും പുനർജീവിതത്തിന്റെയും സാധ്യതയുടെ സൂചനയായി പരിഗണിക്കാവുന്നതാണ്. എന്നാൽ ക്രിസ്തുവിന്റെ ചിന്തകൾ നിർവ്വീര്യമാക്കി, സഭ ഒരു മത പ്രസ്ഥാനമാകുന്ന സാഹചര്യത്തിൽ സഭാംഗങ്ങൾക്ക് ഉയിർപ്പിന്റെ സന്തോഷം കണ്ടെത്താനാവില്ല. അതുകൊണ്ട് ക്രിസ്തുവിന്റെ ഉയിർപ്പ് ഉയർത്തിയ വെല്ലുവിളികൾ പ്രസക്തമാക്കിയാണ് അതിന് വർത്തമാനകാല സാംഗത്യം നൽകുന്നത്. ക്രിസ്തു വിടപറഞ്ഞ കുരിശിനെയും ഉപേക്ഷിച്ച ശവക്കച്ചയേയും ഒഴിഞ്ഞുപോയ ശവക്കല്ലറയേയും വിഗ്രഹവൽക്കരിച്ച് ശ്രദ്ധാകേന്ദ്രങ്ങളായി മാറ്റുമ്പോൾ ജീവനുള്ള ക്രിസ്തു അവഗണിക്കപ്പെടുകയോ തിരസ്ക്കരിക്കപ്പെടുകയോ ആണ്; ജീവനുള്ള ക്രിസ്തുവിനു പകരം തത്സ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ട വസ്തുക്കൾ അവരോധിക്കപ്പെടുകയാണ്.

അതായത് ക്രിസ്തുവിന്റെ ഉയിർപ്പ് ഒരു വ്യക്തിയുടെ പുനർജ്ജീവനം മാത്രമായി പരിമിതപ്പെടുത്താനാവുന്ന കാര്യമല്ല. ക്രിസ്തു പടുത്തുയർത്തിയ ആശയം ലോകത്തിന്റെയും പരിവർത്തനക്ഷമതയുടെയും സജീവമാകലാണ് അത്. അവിടെയാണ് ഉയിർപ്പിന്റെ പ്രസക്തി. ക്രിസ്തുവിന്റെ ഉയിർപ്പിൽ പങ്കുചേരുന്നതുവഴി സഭയും അതിലെ വിശ്വാസികളും ക്രിസ്തുവിനോടൊപ്പം ഉയിർക്കുകയും അവന്റെ ശുശ്രൂഷയിൽ പങ്കുചേർന്ന് ലോകത്ത് ക്രിസ്തു സൃഷ്ടിച്ച ഓളങ്ങളും വെല്ലുവിളികളും തുടർന്നും പുനഃസൃഷ്ടിക്കുകയും പീഡനത്തിനും മരണത്തിനും വിധേയരാവുകയുമാണ്. സൃഷ്ടിയുടെ പുതുക്കത്തിനും വീണ്ടെടുപ്പിനുമായി ക്രിസ്തുവിന്റെ പുനരുത്ഥാനം വിമോചകസംരംഭമായി പരിണമിക്കുകയും സാംഗത്യം ആർജ്ജിക്കുകയുമാണ് ചെയ്യുന്നത്. ക്രിസ്തു പുനരുത്ഥാനവും ജീവനും (വി. യോഹ 11:25) ആകുന്നു എന്നു നാം വിശ്വസിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ജീവനിലും പുനരുത്ഥാനത്തിലും പങ്കുചേർന്നു നടക്കേണ്ട സാക്ഷ്യശുശ്രൂഷ ചെയ്യുകയാണ് ഉയിർപ്പിനെ കാലികവും അർത്ഥവത്തും ആക്കിത്തീർക്കുന്നത്. അതായത് കൊല്ലപ്പെട്ട യേശുവിന്റെ മൃതശരീരത്തിന്റെ ഉയിർപ്പായി നമുക്ക് ഈ സന്തോഷത്തെ പരിമിതപ്പെടുത്താനാവില്ല. അതിന് യാതൊരു പ്രേരണയും പ്രത്യാശയും നൽകാൻ കഴിയില്ല. അത് സമൂഹത്തിൽ യാതൊരു വെല്ലുവിളിയും ഉയർത്തുന്നുമില്ല. ക്രിസ്തുവിന്റെ ഉയിർപ്പിൽ സമസ്ത സൃഷ്ടികളും പുനർനിർമ്മിക്കപ്പെടുന്നു എന്നത്

ഒരു തത്വമോ, ഒരു ചരിത്രസംഭവമോ അല്ല. ജീവനുള്ളവനെ അന്വേഷിക്കുന്നവന് ഉണ്ടാകുന്നത് പരിവർത്തനാനുഭവമാണ്. ക്രിസ്തുവിന്റെ ഉയിർപ്പിൽ ജീർണ്ണിച്ച സമൂഹത്തിന് തുറന്നു കിട്ടുന്നത് പരിവർത്തന സാധ്യതയാണ്. ഉത്ഥിതനായ ക്രിസ്തുവിനോടുള്ള മുഖാമുഖവും അവന്റെ ജീവനിലുള്ള പങ്കുചേരലുമാണ് ഇതിനു സാധ്യത നൽകുന്നതും, പരിവർത്തനം യാഥാർത്ഥ്യമാക്കുന്നതും. അങ്ങനെ വരുമ്പോൾ Resurrection effects a radical transformation beyond human understanding towards a new creation. ഇതാണ് കല്ലറയ്ക്കൽ കണ്ട ദൈവദൂതർ പറയുന്നതിന്റെ അർത്ഥം. കല്ലറയിലല്ല ക്രിസ്തുവിനെ അന്വേഷിക്കേണ്ടത്. ജീവനുള്ള ക്രിസ്തുവിനെ കണ്ടെത്തുകയാണാവശ്യം.

ഉയിർപ്പിന്റെ മഹത്വീകരണം സഹനമില്ലാത്ത ഒന്നല്ല. യേശുവിന്റെ ജനനത്തോടനുബന്ധിച്ചുപോലും ഹേറോദാവ് നടത്തിയ ശിശുക്കളുടെ കൂട്ടക്കൊലയുടെ അനുസ്മരണമാണ് നടക്കുന്നത്. ക്രിസ്തു സംഭവത്തിന്റെ ഓരോ ഏടിന്റേയും ഓർമ്മകൾ സഹനബന്ധിതമാണ്. അതുകൊണ്ട് ക്രിസ്തുവിന്റെ ഉയിർപ്പിനുനൽകുന്ന മഹത്വീകരണവും പീഡനബന്ധിതമാണ്. യേശുതന്നെ അരുളി ചെയ്യുന്നു "ഗോതമ്പുമണി നിലത്തു വീണ് അഴുകുന്നില്ലായെങ്കിൽ അതിന് ജീവൻ ഉണ്ടാകയില്ല. അഴുകുന്ന പക്ഷം (സസ്യമായി വളർന്ന്) ഏറെ ഫലം നൽകുന്നു." (വി. യോ:12:24) ക്രിസ്തുവിന്റെ പീഡാനുഭവും ഉയിർപ്പും ഫലദായകമാകുന്നത് സഭയിലെ വിശ്വാസികളുടെ സഹനത്തിലൂടെയാണ് എന്ന തിരിച്ചറിവുണ്ടാകേണ്ടിയിരിക്കുന്നു. യാഥാസ്ഥിതികതയിൽ നിന്നും മതീയതയിൽ നിന്നും പുറത്തുവരാൻ സഭയ്ക്ക് സാധിക്കണം. സഭയിലെ അപമാനവിക പ്രവർത്തനങ്ങളെ ധിക്കരിക്കാൻ വിശ്വാസികൾക്ക് സ്വാതന്ത്ര്യബോധം ഉണ്ടാവുകയും വേണം. തീർച്ചയായും അത് സഹനങ്ങൾക്ക് കാരണമാകും. എന്നാൽ സഭയും വിശ്വാസികളും പൊരുത്തപ്പെടൽ വക്താക്കൾ (Conformists) ആയി താദാത്മ്യപ്പെടാനാണ് ലക്ഷ്യമിടുന്നതെങ്കിൽ സഹനത്തിന്റെ തീവ്രതയും ഉയിർപ്പിന്റെ യഥാർത്ഥ സന്തോഷവും അവർക്ക് അന്യമായി തുടരും. സഭ തത്സ്ഥിതി നിലനിൽക്കുന്ന ഇടമായി മാറുകയും ചെയ്യും. ഉത്ഥിതനായ ക്രിസ്തു നൽകുന്ന ജീവൻ വ്യക്തിയുടെ ക്രിസ്തു ജീവിതത്തിലുള്ള പങ്കാളിത്തത്തിലും അതു തരുന്ന പരിവർത്തന വിമോചന ക്ഷമതയിലും സഭയെ എത്തിക്കുന്നു. അതാകട്ടെ ക്രിസ്തു വിനോടൊപ്പമുള്ള പീഡന-മരണ-ഉയിർപ്പ് അനുഭവങ്ങളും അതുവഴിയുള്ള സാക്ഷ്യജീവിതമാകുന്നു. സ്വന്തജീവിതത്തിൽ സുരക്ഷയും എളുപ്പവഴിയും അന്വേഷിക്കുന്നവർക്ക് ഇതിന് സാധിക്കുന്നില്ല. എന്നാൽ ക്രിസ്തുവിനോടൊപ്പവും സുവിശേഷത്തിനു വേണ്ടിയും സ്വന്തം ജീവിതം ഹോമിക്കുന്നവർക്ക് ഉയിർപ്പിന്റെ അനുഭവവും നിത്യജീവനും സിദ്ധിക്കുന്നു.

പൗലോസിന്റെ വേദശാസ്ത്രവും ഇതുതന്നെയാണ് വെളിപ്പെടുത്തുന്നത്. ക്രിസ്തുവിനെയും അവന്റെ ഉയിർപ്പിന്റെ ശക്തിയേയും അറിഞ്ഞ് അവന്റെ സഹനത്തിൽ പങ്കുചേർന്ന് അവനോടൊപ്പം മരിച്ച് മരിച്ചവരിൽ നിന്ന് ഉയിർക്കണം. (ഫിലിപ്യർ 3:10,11) കർത്താവിന്റെ ഉയിർപ്പിന്റെ ശക്തിയും സന്തോഷവും അവന്റെ പീഡാനുഭവത്തിലും മരണത്തിലുമുള്ള പങ്കാളിത്തവുമാണ് ക്രിസ്തുവിന്റെ ഉയിർപ്പിൽ പുതുക്കത്തിനും സന്തോഷത്തിനും പ്രത്യാശയ്ക്കും നമ്മെ യോഗ്യരാക്കുന്നത്.

അതുകൊണ്ട്, സഹനവും ക്രൂശും ക്രിസ്തീയ ജീവിതത്തിന് അന്യമല്ല. ഉയിർപ്പിന്റെയും അതു നല്കുന്ന പുതുക്കത്തിന്റെയും മാർഗ്ഗമാണ്. ക്രിസ്തുവിൽ ദൈവം വസിച്ച് അവന്റെ പീഡാനുഭവ, മരണ, ഉയിർപ്പുകളിൽ ദൈവമഹത്വം പ്രകടമാക്കിയതുപോലെ സഭ അവയിൽ പങ്കുചേരുമ്പോൾ ദൈവം തന്റെ കുടിയിരിപ്പിനായി സഭയെ സ്വീകരിക്കുകയാണ്. ക്രിസ്തുവിന്റെ സഹനത്തിലുള്ള പങ്കാളിത്തം വഴിയാണ് അവന്റെ ഉയിർപ്പു നൽകുന്ന പ്രത്യാശയുടെ മർമ്മം നമുക്ക് വെളിപ്പെടുന്നത്.

ഉയിർപ്പു പെരുന്നാളിന്റെ മഹാസന്തോഷം എല്ലാവർക്കും നേരുന്നു.

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

---

*(2-ാം പേജിൽ നിന്ന് തുടർച്ച)*

സ്നേഹിക്കാനും സേവിക്കാനുമുള്ളതാണ്. ഇത്തരം ചിന്തകളെയും മൂല്യങ്ങളേയും ലോകത്തിന് പ്രദാനം ചെയ്യുവാൻ നിമിത്തമായത് സെബെദിമക്കളുടെ അമ്മയുടെ അവരെ സംബന്ധിച്ച അപേക്ഷയാണ്. ലോകം അതുവരെ അറിഞ്ഞിട്ടില്ലാത്ത ദൈവരാജ്യ മൂല്യങ്ങളും സത്യങ്ങളും ജനത്തിനു വെളിപ്പെടുത്തുവാൻ ഈ അമ്മയുടെ നിവേദനമാണ് യേശുവിൽ പ്രകോപനം സൃഷ്ടിച്ചതെന്നു മനസ്സിലാക്കുമ്പോൾ അവളോടുള്ള രസക്കുറവ് ആദരവായി മാറാതെ തരമില്ല. ഈ സ്വർഗ്ഗരാജ്യ വിവരണത്തിന്റെ പ്രവൃത്തിപാഠമാണ് പെസഹയുടെ സന്ധ്യയിൽ തന്റെ ശിഷ്യന്മാരുടെ-തന്നെ ഒറ്റിക്കൊടുത്ത യൂദായുടെ ഉൾപ്പെടെ ഉള്ളവരുടെ-പാദങ്ങൾ കഴുകി, തുടച്ച്. ചുംബിച്ച് സമാധാനം ആശംസിച്ച് യേശു സെഹിയോൻ മാളികയിൽ അവതരിപ്പിച്ചത്. സ്വർഗ്ഗരാജ്യ മൂല്യങ്ങളുടെ സമഗ്രമായ വെളിപ്പെടുത്തലിന് ഹേതുവായിത്തീർന്ന സെബെദിപുത്രന്മാരുടെ അമ്മയുടെ അപേക്ഷയെ നന്ദിപൂർവ്വം നമുക്ക് സ്മരിക്കാം. പ്രകോപനമല്ല അതിനോടുള്ള പ്രതികരണമാണ് പ്രധാനമെന്ന് ഈ സംഭവത്തിലൂടെ നമ്മെ പഠിപ്പിച്ച നമ്മുടെ അരുമനാഥന് സ്തോത്രമർപ്പിക്കാം. ശുപാർശകൾ വരാം. പ്രതികരണം കുറ്റമറ്റതായിരിക്കണം.

ലേഖനം

# മാതാപിതാക്കളേ, ഗുരുജനങ്ങളേ, നേതാക്കന്മാരേ... യുവജനങ്ങൾ നിങ്ങളുടേതാണ്

ഫാ. ഡോ. അഗസ്റ്റിൻ മാത്യു

*"മകനേ എന്റെ വാക്കുകേൾക്കുകയും എന്റെ നിയമം കാത്തുസൂക്ഷിക്കുകയും ചെയ്യുക.; നീ ജ്ഞാനത്തിനുചെവികൊടുക്കുകയും അറിവിന്റെ നേരെ നിന്റെ ഹൃദയം ചായിക്കുകയും ചെയ്യുക." (സുഭാ. 2:1-2)*

അടുത്തകാലത്തു വന്ന പല സ്ഥിതിവിവരക്കണക്കുകളുമനുസരിച്ച് ലോകജനസംഖ്യയിൽ 15നും 35നും ഇടയ്ക്കു പ്രായമുള്ള യുവജനങ്ങൾ ഏറ്റവും കൂടുതലുള്ള രാജ്യം ഇൻഡ്യയാണ്. വരുന്ന നാല്പതു വർഷത്തേയ്ക്കുകൂടി ഈ സ്ഥിതി തുടരുമെന്നത് ലോകത്തെ വൻശക്തികളിലൊന്നായി നമ്മുടെ രാജ്യം വരാനുള്ള സാധ്യതയാണ് കാണിക്കുന്നത്. മാതാപിതാക്കളും അദ്ധ്യാപരും പൊതുപ്രവർത്തകരും രാഷ്ട്രനേതാക്കളും മത-ആത്മീയരംഗങ്ങളിൽ യുവജനങ്ങൾക്കുദിശാബോധം പകരുന്നവരും ആഴമായി മനസ്സിലാക്കേണ്ട കാര്യങ്ങളിലേക്കാണ് ഈ വസ്തുത വിരൽചൂണ്ടുന്നത്.

പൊതുവെ പറഞ്ഞാൽ യുവജനങ്ങൾ കൂടുതലായി അറിവുനേടണമെന്നും, നൈപുണ്യം ആർജിക്കണമെന്നും തൊഴിൽ കണ്ടെത്തി സ്വയം പര്യാപ്തരാകണമെന്നും അതിലൂടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ കഴിയുമെന്നും വിചാരിക്കുന്നവരാണ് മാതാപിതാക്കളും വിദ്യാഭ്യാസപരിശീലനമേഖലകളിൽ പ്രവർത്തിക്കുന്നവരും. സാമ്പത്തിക വികസനത്തെക്കുറിച്ചുള്ള അടിസ്ഥാന സങ്കല്പങ്ങൾ തന്നെ ഇന്നു പാടെ മാറിയിരിക്കുന്നു. മൂലധനത്തിലും മനുഷ്യാദ്ധ്വാനത്തിലും അധിഷ്ഠിതമായ സാമ്പത്തികവികസനതത്വത്തിനു പകരം 'അറിവാണു ശക്തി' (Knowledge is Power) എന്ന അതിപുരാതന തത്വത്തിന് വിവരസാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ കൂടുതൽ പ്രാധാന്യം കൈവന്നതിൽ അത്ഭുതപ്പെടേണ്ടതില്ല.

സാധാരണ കുടുംബങ്ങളിലും ദരിദ്രകുടുംബങ്ങളിലും ജനിച്ചുവളർന്ന ധാരാളം ആളുകൾ അറിവിന്റെ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ കൊണ്ട് ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിന്റെ എത്രയോ ഉദാഹരണങ്ങൾ നമ്മുടെ കൺമുമ്പിൽത്തന്നെയുണ്ട്. പ്രഫഷണൽ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും മികവിന്റെ കേന്ദ്രങ്ങളിലും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും ഇത്തരം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നു സാമാന്യമായി പറയാമെങ്കിലും അറിവുവർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം മാത്രം പോരാ, ബുദ്ധിശക്തിയുടെ ഇതരമാനങ്ങളായ വൈകാരിക, സാമൂഹ്യ, ധാർമ്മിക, ആത്മീയ, പരിസ്ഥിതി-അനുകൂല തലങ്ങളിലുള്ള വളർച്ചയും അതോടൊപ്പം തന്നെ നിരന്തരം പുതിയവ കണ്ടെത്തുന്നതിനുള്ള ഗവേഷണ-വികസന പ്രവർത്തനങ്ങളും സംയോജിപ്പിച്ചെങ്കിൽ മാത്രമേ ഒരു ജനത എന്ന നിലയ്ക്കുള്ള ക്ഷേമസാധ്യത യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ.

കഴിഞ്ഞ 10-15 വർഷങ്ങൾക്കു മുമ്പ് കേട്ടുകേഴ്വി പോലുമില്ലാതിരുന്ന ജോലികളിലാണ് ഇന്നത്തെ യുവജനങ്ങൾ ഏർപ്പെട്ടിരിക്കുന്നത്. അടുത്ത പത്തുവർഷത്തിനകം അവർ ചെയ്യേണ്ട ജോലികളും അതിനായി പഠിക്കേണ്ട കോഴ്സുകളും നിശ്ചയമായും വ്യത്യസ്തമായിരിക്കും. വിവരസാങ്കേതികവിദ്യയുടെ പ്രയോഗം ജീവിതത്തിന്റെ സകല മേഖലകളിലും വ്യാപകമായി കഴിഞ്ഞിരിക്കുന്നു.

ബൗദ്ധിക വളർച്ചയ്ക്കും നൈപുണ്യവികസനത്തിനുമുള്ള ശ്രമങ്ങൾ കുറെയൊക്കെ നടക്കുന്നുണ്ടെങ്കിലും യുവജനങ്ങളിൽ ഏറെപ്പേരും വൈകാരികമായും ധാർമ്മികമായും ആത്മീയമായും വളരെയധികം പാപ്പരത്തം അനുഭവിക്കുന്നു എന്നത് സത്യമാണ്. ആഘോഷങ്ങൾ അതിരുവിടുന്നതും, ക്യാമ്പസുകൾ മാതാപിതാക്കളുടെ പണക്കൊഴുപ്പുപ്രകടിപ്പക്കുന്നതിനുള്ള വേദികളാകുന്നതും മനുഷ്യത്വവും സാമാന്യബോധവും നഷ്യപ്പെട്ട് ക്രൂരമൃഗങ്ങളെപ്പോലെയും ഉന്മാദചിത്തരെപ്പോലെയും പ്രവർത്തിക്കുന്നതും എന്തിന്റെ സൂചനയാണ് നൽകുന്നത്? അടുത്തകാലത്തുണ്ടായ കോടതിവിധിയുടെ അടിസ്ഥാനത്തിൽ ക്യാമ്പസിൽ ആഘോഷങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിയ 'പ്രിൻസിപ്പലിനെ തല്ലണം' എന്ന് ഒരു വിദ്യാർത്ഥി പറയുന്നതു കേൾക്കുവാൻ ഈ ലേഖകനിടയായി. ആ വിദ്യാർത്ഥിയോടു ചോദിച്ചു. 'ആഘോഷങ്ങൾ അതിരുവിട്ട് ഒരു സഹപാഠി മരിക്കാനിടയായി എന്നു നിനക്കറിവുള്ളതല്ലേ?' അതിനുമറുപടിയായി വിദ്യാർത്ഥി പറഞ്ഞു. 'ഒരാൾ മരിക്കാനിടയായി എന്നതുകൊണ്ട് ആഘോഷങ്ങൾ നിറുത്തിവയ്ക്കേണ്ടതുണ്ടോ?' എത്രലാഘവത്തോടെയാണ് സഹപാഠിയുടെ ജീവൻ നഷ്ടപ്പെട്ട സംഭവത്തെപ്പോലും മറ്റുവിദ്യാർത്ഥികൾ കാണുന്നു എന്നതിന്റെ സൂചനയാണ് ഈ സംഭവം നൽകുന്നതെന്നു മനസ്സിലാക്കാം. കഷ്ടം! ലജ്ജാകരം എന്നല്ലാതെ എന്തുപറയാൻ!

സ്വന്തം ജീവനും മറ്റുള്ളവരുടെ ജീവനും തെല്ലും വിലകൽപിക്കാത്ത, മൂല്യബോധം നഷ്ടപ്പെട്ടവർ യുവജനങ്ങളുടെ ഇടയിൽ ഏറെയുണ്ട്.



***അഭിമുഖം***

# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ (തുടർച്ച)

**കേരള അസംബ്ലിയിലേക്കുള്ള തെരഞ്ഞെടുപ്പു തീയതി പ്രഖ്യാപിച്ചുകഴിഞ്ഞു. രാഷ്ട്രീയ കക്ഷികൾ തെരഞ്ഞെടുപ്പുരംഗത്ത് സജീവമായി. ഈ അവസരത്തിൽ സഭ എന്തെങ്കിലും രാഷ്ട്രീയ നിലപാട് എടുക്കേണ്ടതായിട്ടുണ്ടോ?**

കേരളത്തിലെ മുന്നണികളെ സംബന്ധിച്ചിടത്തോളം അവ തമ്മിൽ അടിസ്ഥാന - രാഷ്ട്രീയ - സാമ്പത്തിക നിലപാടുകളിൽ കാര്യമായ വ്യ ത്യാസമുള്ളതായി തോന്നിയിട്ടില്ല. അവയ്ക്കെല്ലാം 'ജനാധിപത്യ' എന്ന വിശേഷണം പേരിനോട് ചേർന്നുണ്ട്. ഏതു പാർട്ടിയും ഏതു മുന്നണിക്കും സ്വീകാര്യം. പാർട്ടികൾ മുന്നണി മാറുന്നത് സാധാരണവുമാണ്. എങ്ങനെയെങ്കിലും അധികാരത്തിലെത്തുക എന്നതാണ് എല്ലാവരുടെയും പ്രഥമലക്ഷ്യം. അതുകൊണ്ടാണല്ലോ കേരളത്തിൽ പരസ്പരം കടുത്ത പോരാട്ടം നടത്തുന്ന കമ്മ്യൂണിസ്റ്റ്- കോൺഗ്രസ് പാർട്ടികൾ പശ്ചിമ ബംഗാളിൽ തൃണമുൽ കോൺഗ്രസിനെതിരെ കൂട്ടുകെട്ടുണ്ടാക്കി തെരഞ്ഞെടുപ്പിനെ നേരിടുന്നത്. അത് ബി.ജെ.പി. ക്ക് എതിരെയായിരുന്നെങ്കിൽ വർഗീയ പാർട്ടിയാണെന്നു തുടങ്ങിയ ന്യായങ്ങൾ പറയാനുണ്ടായിരുന്നു. എന്നാൽ കോൺഗ്രസ് പാരമ്പര്യവും സംസ്കാരവുമുള്ള മമതാ ബാനർജിയുടെ പാർട്ടിക്കെതിരെയാണ് കോൺഗ്രസ് മാർക്സിസ്റ്റു പാർട്ടിയുമായി കൂട്ടുചേർന്നിരിക്കുന്നത്. ഞാൻ പറഞ്ഞ വരുന്നത് ആശയ-പ്രത്യയ ശാസ്ത്ര പരിഗണനയുടെ അടിസ്ഥാനത്തിൽ ഉള്ള ഒരു രാഷ്ട്രീയ ധ്രുവീകരണമല്ല കേരളത്തിൽ നിലവിലുള്ളത്. മാത്രമല്ല ജനാധിപത്യ വിശ്വാസികളാണ് മുന്നണികളുടെ ഘടക കക്ഷികളെല്ലാം. ആ നിലയ്ക്ക് സഭയ്ക്ക് പ്രകടമായ ഒരു തെര ഞ്ഞെടുപ്പു നിലപാട് സ്വീകരിക്കേണ്ടതില്ല.

**അതിന്റെ അർത്ഥം ഏതു മുന്നണി അധികാരത്തിൽ വന്നാലും സഭയ്ക്ക് ഒരുപോലെയാണ് എന്നാണോ? നിസംഗതയാണോ ഈ വിഷയത്തിൽ സഭയുടെ നയം?**

തീർച്ചയായും അല്ല. കേരളത്തിൽ കുറെ കാലമായി U.D.F, L.D.F മുന്നണികൾ മാറി മാറിയാണ് അധികാരത്തിൽ വന്നുകൊണ്ടിരിക്കുന്നത്. രണ്ടു മുന്നണികളുടെയും ഭരണത്തിൽ ജനം സംതൃപ്തരല്ല എന്നതിന്റെ തെളിവാണിത്. രണ്ടിലും വിശ്വാസമില്ലാത്തതിനാലും പറ്റിയ ബദലിന്റെ അഭാവത്തിലും ജനം മാറിമാറി പരീക്ഷണം തുടരുന്നു. അഴിമതിക്കാർ ഭൂരിപക്ഷമായ

വാഹനങ്ങൾ ഓടിക്കാനറിയാമെങ്കിലും നിയമങ്ങൾ പാലിച്ചുകൊണ്ടും സ്വന്തം ജീവനും സഹയാത്രികരുടെ ജീവനും സംരക്ഷിക്കപ്പെടേണ്ടതാണ് എന്നു തിരിച്ചറിയാത്ത യുവജനങ്ങൾ ഏറെയില്ലേ? വാഹനങ്ങൾ കൈകാര്യം ചെയ്യുന്നതിലെ അശ്രദ്ധ പോലെതന്നെ വിലക്കുകൾ ലംഘിച്ചുകൊണ്ട് കടലിലും നദിയിലും ജലാശയങ്ങളിലുമൊക്കെ ചാടി ജീവൻ അപകടത്തിൽപ്പെടുത്തുന്ന എത്രയോ യുവജനങ്ങൾ നമുക്കുണ്ട്.

നമ്മുടെ രാജ്യത്തിന്റെ അഭിമാനമായ ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങളിൽ രാജ്യവിരുദ്ധപ്രവർത്തനങ്ങളും ആശാസ്യമല്ലാത്ത പ്രവണതകളും വളർന്നുവരുന്നു എന്നത് ഭീതിജനകമാണ്. സ്കൂളുകളുടെയും കോളജുകളുടെയും മറ്റുവിദ്യാഭ്യാസസ്ഥാപനങ്ങളുടെയുമൊക്കെ സമീപത്ത് മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും മറ്റു പ്രലോഭനങ്ങളുടെയുമൊക്കെ വലക്കണ്ണികൾ സജീവമായി പ്രവർത്തിക്കുന്നു എന്നത് ആശങ്ക വർദ്ധിപ്പിക്കുന്നു. "പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ" എന്നതിന്റെ അർത്ഥം പ്രലോഭനങ്ങളിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ എന്നാണല്ലോ. പ്രലോഭനങ്ങളിൽനിന്നും തിന്മകളിൽനിന്നും രക്ഷിക്കുവാനുള്ള പ്രാർത്ഥന സന്മാർഗ്ഗത്തിന്റേതാണ്. പ്രയത്നശാലികൾക്ക് ചില പ്രലോഭനങ്ങൾ ഉണ്ടായേക്കും; പക്ഷേ മടിയന്മാരെ എല്ലാ പ്രലോഭനങ്ങളും പിടികൂടുന്നു" എന്ന ചൊല്ല് പ്രസക്തമാണ്.

ഇത്തരം സാഹചര്യങ്ങളിൽ മാതാപിതാക്കളും അദ്ധ്യാപകരും പൗരബോധമുള്ളപൊതുപ്രവർത്തകരും ആത്മീയാചാര്യന്മാരും ചെയ്യേണ്ടതെന്താണ്? യുവജനങ്ങളെ മൗലികമായി ചിന്തിക്കുവാൻ കഴിവുള്ളവരും വൈകാരികപക്വതയുള്ളവരും ടീം സ്പിരിറ്റോടെ ബൗദ്ധികവെല്ലുവിളികൾ ഏറ്റെടുക്കുവാൻ കഴിവുള്ളവരും വ്യക്തിതാല്പര്യങ്ങളെ രാഷ്ട്രതാല്പര്യങ്ങളോടുചേർത്തുവയ്ക്കാനുള്ള സാമൂഹ്യപ്രതിബദ്ധതയുള്ളവരുമായി വളർത്തുവാൻ പ്രചോദിപ്പിക്കുകയല്ലേ? അതോടൊപ്പംതന്നെ അടിച്ചമർത്തപ്പെട്ടവരുടെയും അവശവിഭാഗങ്ങളുടെയും പൗരാവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുവാനും സ്ത്രീപുരുഷ സമത്വത്തിനുവേണ്ടി നിലപാടെടുക്കുവാനും അനീതി, മദ്യം, മയക്കുമരുന്നു തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെ മാതൃകവഴിയും ബോധവത്ക്കരണം വഴിയും നിയമനിർമ്മാണം, പാലനം, നിരോധനം എന്നിവ വഴിയും യുവജനങ്ങൾക്ക് ശക്തി പകരാനും ഉള്ള ആത്മാർത്ഥമായ ശ്രമം ഉണ്ടാകേണ്ടതുമാണ്.

ഒരു ഇലക്ട്രോളേറ്റിൽ അഴിമതിയില്ലാത്ത സർക്കാർ നിലവിൽ വരാൻ സാധ്യത കുറവാണ്. ഏതെങ്കിലും തരത്തിൽ അതു സംഭവിച്ചാൽ ആ സർക്കാരിന് നിലനിൽപ്പുമുണ്ടായിരിക്കുകയില്ല. പ്രത്യക്ഷത്തിൽ അഴിമതി വിരോധികളാണ് എല്ലാവരുമെങ്കിലും സത്യത്തിൽ അക്കൂട്ടർ ഒരു ശതമാനമെങ്കിലുമുണ്ടോ എന്നു സംശയമാണ്.

നിലവിലിരുന്ന ഭരണത്തെ ശരിയാംവിധം വിലയിരുത്തി വോട്ടു ചെയ്യാൻ സഭാംഗങ്ങൾക്ക് കഴിയണം എന്നാണ് സഭ കരുതുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തെ വിലയിരുത്താനും വിശ്വാസികളുമായി ഈ വിഷയം ചർച്ചചെയ്യാനും സഭയ്ക്ക് സാധിക്കണം. ആ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് വോട്ടു ചെയ്യേണ്ടത്. ജനാധിപത്യ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന രാഷ്ട്രീയ കക്ഷികളാണെങ്കിലും ഭരണകൂടത്തിന്റെ പ്രവർത്തനം (performance) വിലയിരുത്തി വോട്ടുചെയ്യണം. ഭരണത്തെ വിലയിരുത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം കണക്കിലെടുക്കേണ്ടതാണ്. (1) നാട് നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഭരണകൂടം എത്രമാത്രം വിജയിച്ചു? (2) സമൂഹത്തിൽ നീതി നടപ്പാക്കുന്നതിന് എത്രമാത്രം കഴിഞ്ഞു? അധികാര-സാമ്പത്തിക അഴിമതികളോട് സർക്കാരിന്റെ സമീപനം എന്തായിരുന്നു? (3) വികസനം സംബന്ധിച്ച് ഗവണ്മെന്റിന്റെ ധാരണ എന്തായിരുന്നു? (4) മതേതരത്വം സംരക്ഷിക്കാൻ സർക്കാർ എത്രമാത്രം വിജയിച്ചു? (5) പൗര-മനുഷ്യാവകാശ നിയമങ്ങളിൽ സർക്കാർ എത്രമാത്രം നീതി പുലർത്തി? ഇതെല്ലാം അടിസ്ഥാനമാക്കി ഭരണകൂടത്തെ വിലയിരുത്തണം. സർക്കാരിന്റെ പക്ഷത്ത് ഗൗരവതരമായ വീഴ്ചകൾ ബോധ്യമായാൽ ഭരണമാറ്റത്തിനുവേണ്ടി ജനം അവരുടെ സമ്മതിദാനാവകാശം വിനിയോഗിക്കണം.

**നിലവിലിരുന്ന സർക്കാർ കേരളത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളുടെ പരിഹാരത്തിൽ എത്രമാത്രം വിജയിച്ചു എന്ന കാര്യത്തിൽ തിരുമേനിയുടെ വിലയിരുത്തൽ എന്താണ്?**

കേരളത്തിന്റെ സമ്പത്ത് ഘടന തളർന്ന-തകർന്ന-നിലയിലാണ്. അതിനു പ്രധാനകാരണം കാർഷികമേഖലയുടെ മന്ദിപ്പാണ്. കേരളം അടിസ്ഥാനപരമായി ഒരു കാർഷിക ഭൂപ്രദേശമാണ്. അതുകൊണ്ട് കൃഷിക്ക് ഏൽക്കുന്ന തിരിച്ചടി കേരളത്തിന്റെ സമ്പദ്ഘടനയെ ആകെ പ്രതികൂലമായി ബാധിക്കും. റബ്ബർ, തെങ്ങ്, കാപ്പി, കമുക്, സുഗന്ധവർഗ്ഗങ്ങൾ എന്നിവയാണ് കേരളത്തിലെ മുഖ്യ കൃഷികൾ. ഇവയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് ന്യായമായ വില നിലനിർത്തുവാൻ ഫലപ്രദമായ നടപടികളൊന്നും സർക്കാരിൽ നിന്നുണ്ടായില്ല. അതുകൊണ്ടാണ് കാർഷികവിളകളുടെ വില കുത്തനെ ഇടിഞ്ഞത്. ആഭ്യന്തര ഉല്പാദനവും സമ്പത്തിന്റെ സൃഷ്ടിയും അതുവഴി കുറയുന്നു. അതുകൊണ്ട് വ്യവസായ-വാണിജ്യ വികസന മേഖലകളിലും മാന്ദ്യം ഉണ്ടാകുന്നു. നികുതി കുടിശിഖകൾ പിരിച്ചെടുക്കുന്നതിനും ശരിയായ ശ്രമം നടത്തിയിട്ടില്ല. ഈ വിഷയങ്ങൾ ഗൗരവമായി പഠിക്കുവാനും പരിഹാരം കണ്ടെത്തുന്നതിനും സർക്കാർ വിജയിച്ചിട്ടില്ല. കടം വാങ്ങി ഒരു സർക്കാരിന് എത്ര നാൾ മുമ്പോട്ടുപോകാനാവും? അതുകൊണ്ട് അടുത്തുവരുന്ന സർക്കാരിനെ കടുത്ത വെല്ലുവിളികളാണ് കാത്തു നിൽക്കുന്നത്. സാമ്പത്തിക- രാഷ്ട്രീയ രംഗങ്ങളിലെ കാഴ്ചപ്പാടില്ലായ്മയും നയവൈകല്യങ്ങളും സർക്കാരിന്റെ ഭാഗത്തെ വലിയ വീഴ്ചയായി അനുഭവപ്പെടുന്നു.

**അഴിമതിയുടെ കാര്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ സമീപനം എങ്ങനെ വിലയിരുത്തുന്നു? അഴിമതി ഇൻഡ്യയെ പോലെയുള്ള വികസ്വര രാജ്യങ്ങളിലെ പൊതു പ്രശ്നമല്ലേ? അതെങ്ങനെ അവസാനിപ്പിക്കാനാവും?**

അഴിമതി ഇല്ലാതിരിക്കണമെങ്കിൽ ധാർമ്മികബോധവും സത്യസന്ധതയും പ്രത്യേകിച്ച് സർക്കാർ ഉന്നതതലങ്ങളിൽ ഉണ്ടായേ തീരൂ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അതുണ്ടായില്ല. അഴിമതിക്ക് ആരെയും അനുവദിക്കില്ല എന്ന വാശിയൊന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കുണ്ടായിരുന്നതായി തോന്നുന്നില്ല. അധികാരത്തിലേറിയ കാലം മുതൽ അഴിമതി ആരോപണങ്ങൾ ഓരോന്നായി ഉയർന്നുകൊണ്ടിരുന്നു. സോളാർ തട്ടിപ്പ്, ബാർ ലൈസൻസ് കോഴ, സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും കൈമാറ്റം ഉൾപ്പെടെ പരകോടികളുടെ അഴിമതിയാരോപണങ്ങൾ ഉയർന്നിട്ടും സർക്കാർ നിലംപൊത്താതെ പിടിച്ചുനിന്നു എങ്കിലും സർക്കാർ അഴിമതി വിമുക്തമായിരുന്നു എന്ന ബോധ്യമൊന്നും ജനത്തിനില്ല. അഴിമതി അനിവാര്യമായി ജനം കാണുന്നു. കോഴ വാങ്ങിയിട്ടാണെങ്കിലും കാര്യം നടത്തിക്കൊടുക്കുന്ന ഉദ്യോഗസ്ഥരെയാണ് അവർക്ക് പ്രിയം. നിയന്ത്രണവും നിരോധനവുമെല്ലാം ഉദ്യോഗസ്ഥർക്കിടയിൽ അഴിമതി വർദ്ധിപ്പിക്കുന്നതിനാണ് ഉപകരിക്കുന്നതെന്നു എല്ലാവർക്കുമറിയാം. ഭരണക്കാരെയും ഭരണീയരെയും ഈ പതനത്തിലാക്കിയതിൽ സർക്കാരിന്റെ പങ്ക് എടുത്തു പറയേണ്ടതാണ്. അഴിമതി നിറഞ്ഞ ഒരു ഭരണകൂടത്തിന് എങ്ങനെ നാടിന്റെ നീതിപൂർവ്വമായ ഭരണവും വികസനവും സാധ്യമാക്കി സത്ഭരണം നിർവ്വഹിക്കാനാവും?

**കോൺഗ്രസ് സർക്കാരിനേ നാടിന്റെ വികസന ദൗത്യം നിർവ്വഹിക്കാൻ കഴിയൂ എന്നൊരു ചിന്ത ജനങ്ങൾക്കിടയിലുണ്ട്. കൊച്ചിയിൽ സ്മാർട്ട് സിറ്റി, മെട്രോ റയിൽ എന്നിവ നിലവിൽ വരുന്നു. നാട്ടിൽ ഹൈവേകൾ, വിമാ**

**നത്താവളങ്ങൾ, തുറമുഖങ്ങൾ മുതലായവ സ്ഥാപിതമാകുന്നു. ഇതെല്ലാം ഈ സർക്കാരിന്റെ വലിയ വികസന നേട്ടങ്ങളായി ജനം കണക്കാക്കുന്നു. എന്താണ് വിലയിരുത്തൽ?**

വികസനമെന്നാൽ സംസ്ഥാനത്ത് എല്ലാവർക്കും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, സാമൂഹ്യനീതി നിലനിർത്തുക, ശാസ്ത്ര-സാങ്കേതിക വളർച്ച കൈവരിക്കുക എന്നിവയൊക്കെയാണ് അർത്ഥമാക്കുന്നത്. കൊച്ചിയിൽ സ്മാർട്ട് സിറ്റി എന്നപേരിൽ ഏതാനും ഉടമ്പടികൾ ഒപ്പിക്കുന്നതൊ, അവിടത്തെ ഗതാഗതക്കുരുക്കു കുറയ്ക്കാൻ മെട്രോ റയിൽ നിർമ്മിക്കുന്നതോ വഴി നേടാവുന്നതല്ല സംസ്ഥാനത്തിന്റെ വികസനം. സാമ്പത്തിക ഭദ്രത തകരുന്ന ഒരു സംസ്ഥാനത്ത് ഇത്തരം ചില അഭ്യാസങ്ങളിലൂടെ സർവ്വപേർക്കും അടിസ്ഥാന സൗകര്യങ്ങളും സാമൂഹ്യനീതിയും കൈവരിക്കാനാവുകയില്ല. രാഷ്ട്ര പുനഃനിർമ്മിതിയിൽ ജനങ്ങളെ മുഴുവൻ പങ്കെടുപ്പിക്കുകയും മാനവ-വിഭവശേഷികൾ നീതിപൂർവ്വം ഉപയോഗപ്പെടുത്തുകയും വേണം. അതിന് കൃത്യമായ ആസൂത്രണവും ഇച്ഛാശക്തിയോടുകൂടിയ നടപ്പിലാക്കലും ആവശ്യമാണ്. ജില്ലതോറും മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുക, അങ്ങിങ്ങായി വിമാനത്താവളങ്ങൾ നിർമ്മിക്കുക, തീരദേശ പട്ടണങ്ങളിലെല്ലാം തുറമുഖങ്ങൾ പണിയുക എന്നിവയെല്ലാം വികസനമായി കാണുകയും അവ നടപ്പിലാക്കുന്നതുവഴി വലിയ കുംഭകോണങ്ങൾക്ക് അവസരമൊരുക്കുകയുമൊക്കെയാണ് ഇന്ന് വികസനം എന്ന ലേബലിൽ നടന്നുവരുന്നത്. ഒരു നാടിന്റെ വികസനത്തിൽ അവിടത്തെ സമസ്ത ജനവിഭാഗങ്ങൾക്കും പ്രത്യേകിച്ച് ദരിദ്ര-ദുർബ്ബല വിഭാഗങ്ങൾക്ക്-ക്ഷേമമമായി ജീവിക്കുവാനും വളരുവാനുമുള്ള ഭൗതിക-സാമ്പത്തിക-സാമൂഹിക സാഹചര്യങ്ങൾ സൃഷ്ടിക്കുകയാണ് വേണ്ടത്. വികസനക്കാര്യം പറഞ്ഞ് പാരിസ്ഥിതിക-സാമൂഹിക നീതി ലംഘിക്കപ്പെടുകയുമരുത്.

**മതേതര സമൂഹത്തിന്റെ സൃഷ്ടിയിൽ ഈ സർക്കാരിന് എത്ര മാത്രം വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്?**

മതേതരത്വം ഇൻഡ്യൻ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളിലൊന്നാണ്. ഇവിടത്തെ മത ബഹുല സാമൂഹ്യ ചുറ്റുപാടിൽ അതിന് പ്രത്യേക പ്രാധാന്യവും അനിവാര്യതയുമുണ്ട്.

